**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3525** **14-07-2022 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷിക്കാർക്ക് ഇലക്ട്രോണിക് മുച്ചക്ര വാഹനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ഡോ. ആർ ബിന്ദു (ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം അനുവദിക്കുന്ന പദ്ധതിയെകുറിച്ച് വിശദമാക്കാമോ; | (എ) | സാമൂഹ്യനീതി വകുപ്പിന് കീഴിൽ കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേന 18 വയസ്സിന് മുകളിൽ പ്രായമുള്ള ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം അനുവദിച്ച് വരുന്നു. ആയതിന് നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫോറം പൂരിപ്പിച്ച് അപേക്ഷയോടൊപ്പം വരുമാന സർട്ടിഫിക്കറ്റ്, ഡ്രൈവിംഗ് ലൈസൻസിന്റെ കോപ്പി, റേഷൻ കാർഡിന്റെ 1,2 പേജുകളുടെ കോപ്പി, ആധാർ കാർഡിന്റെ കോപ്പി, മുച്ചക്ര വാഹനം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്ന് 8 വർഷത്തിനകം ലഭിച്ചിട്ടില്ല എന്ന് ഗ്രാമ/ബ്ലോക്ക്/ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ സർട്ടിഫിക്കറ്റ്, വിദ്യാർത്ഥിയാണെങ്കിൽ പഠിക്കുന്ന സ്ഥാപനത്തിൽ നിന്നുള്ള സർട്ടിഫിക്കറ്റ്, രണ്ട് പാസ്സ് പോർട്ട് സൈസ് ഫോട്ടോ എന്നിവ കൂടി ഹാജരാക്കേണ്ടതാണ്. അപേക്ഷാഫോറം www.hpwc.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. |
| (ബി) | ഇലക്ട്രോണിക് മുച്ചക്ര വാഹനം അനുവദിക്കുന്നതിനായി ശ്രീ. വൈശാഖൻ പി, പുതുക്കുടി ഹൗസ്, മയ്യന്നൂർ പി.ഒ.സമർപ്പിച്ച അപേക്ഷയുടെ നിലവിലെ അവസ്ഥ അറിയിക്കുമോ? | (ബി) | ഇലക്ട്രോണിക് മുച്ചക്ര വാഹനം അനുവദിക്കുന്നതിനുള്ള ശ്രീ. വൈശാഖൻ പി, പുതുക്കുടി ഹൗസ്, മയ്യന്നൂർ പി.ഒ ന്റെ അപേക്ഷ നേരിട്ടോ, സാമൂഹ്യനീതി വകുപ്പിന് കീഴിലെ കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനിലോ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ